(ഡി) എല്ലാ മീറ്ററുകളും പരിശോധിച്ച് കാലിബറേറ്റ് ചെയ്യേണ്ടതില്ല എന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിനുള്ള കാരണംവ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ 3 വർഷമായി കറന്റ് ചാർജ്ജ് ഇനത്തിൽ വൈദ്യുതി ബോർഡിനു ലഭിച്ച വരുമാനം താഴെ കൊടുത്തിരിക്കുന്നു.

വർഷം	വരുമാനം (രൂപ കോടിയിൽ)
2001-02	1945.99
2002-03	2480.69
2003-04	2756.09

(ബി) ഏറ്റവും അവസാനമായി വൈദ്യുതി നിരക്കുകൾ പുനർ നിർണ്ണയിച്ചത് 2002 ഒക്ടോബർ 10 മുതലാണ്. ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി മുൻപോട്ട് കൊണ്ടു പോകുവാനും വരുമാനം വർദ്ധിപ്പിക്കുവാനും പലവിധത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ വർഷവും 2 ശതമാനം പ്രസരണ നഷ്ടം കുറച്ചുകൊണ്ടും ഭരണപരമായ ചെലവുകളിൽ കുറവു വരുത്തിയും എ. ബി. റ്റി. സമ്പ്രദായംവഴി വൈദ്യുതി വാങ്ങുന്നതിനുള്ള കാര്യക്ഷമമായ ആസൂത്രണം നടപ്പാക്കിയതിലൂടെയും ഉയർന്ന പലിശനിരക്കിൽ നിന്നും വായ്പകൾ താഴ്ന്ന പലിശ നിരക്കിലേക്കു മാറ്റിയതു വഴിയും പുതിയ ഉപഭോക്താക്കൾ ഉണ്ടായതിലൂടെയും അതോടൊപ്പം പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചതിലൂടെയും ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

മീറ്റർ റീഡർ തസ്തികയിൽ നിയമന നിരോധനം

19 [1107] ശ്രീ. കെ. എൻ. എ. ഖാദർ :
,, സി. മമ്മൂട്ടി :
,, ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യുടെ 14-10-2000-ലെ 20/2004/പി.ഡി. എന്ന ഉത്തരവ് പ്രകാരം മീറ്റർ റീഡർ തസ്തികയിൽ പൂർണ്ണമായും നിയമന നിരോധനം നീക്കിയിട്ടുണ്ടോ ;

(ബി) മേൽ ഉത്തരവ് പ്രകാരം പി. എസ്. സി. ക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട് ; അതിനായുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) നൂറുദിന കർമ്മ പരിപാടിയിൽ സർക്കാർ പ്രഖ്യാപിച്ച ഒഴിവുള്ള തസ്തികകൾ പൂർണ്ണമായും നികത്തുന്നതിന്റെ ഭാഗമായി മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ പൂർണ്ണമായും നികത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ;

(എഫ്) വൈദ്യുതി ബോർഡിൽ മീറ്റർ റീഡർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(ജി) മേൽപറഞ്ഞ ഒഴിവുകളിൽ എത്ര എണ്ണം വീതം പ്രൊമോഷൻ മുഖേനയും പി. എസ്. സി. മുഖേനയും നിയമിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിക്കിയിട്ടുണ്ട്.

(ബി) 518 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ബാക്കി ഒഴിവുകളുടെ എണ്ണം ഇലക്ട്രിസിറ്റി ബോർഡ് തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ.

(ഡി) ഉണ്ട്.

(ഇ) കാലതാമസം ഇല്ല.

(എഫ്) 829.

(ജി) മേൽപറഞ്ഞ ഒഴിവുകളിൽ 518 ഒഴിവുകൾ പി. എസ്. സി. മുഖേന നിയമിക്കുന്നതിനുവേണ്ട നിയമന നടപടി തുടങ്ങിക്കഴിഞ്ഞ് ബാക്കി ഒഴിവുകളിൽ പ്രൊമോഷൻ മുഖേനയും പി. എസ്. സി. മുഖേനയും നിയമിക്കാനുള്ളവ തിട്ടപ്പെടുത്തേണ്ടതുണ്ട്.

കെ. എസ്. ഇ. ബി. യിൽ മീറ്റർ റീഡമാരെ നിയമിക്കാൻ നടപടി

20 [1108] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ. എസ്. ഇ. ബി. യിൽ എത്ര മീറ്റർ റീഡർമാരുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly